14-ാം കേരള നിയമ സഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 290 07.08.2017-ൽ മറുപടിയ്ക്ക്

## സ്വാശ്രയ ബി.ഡി.എസ്.കോഴ്സിന്റെ ഫീസ് നിരക്ക് .

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) | സ്വാശ്രയ ബി.ഡി.എസ്. കോഴ്സിന് ഈ വർഷം വാർഷിക ഫീസായി എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത് ; ഫീസ് നിർണ്ണയ സമിതി ആദ്യം പ്രസിദ്ധീകരിച്ച തുകയിൽ നിന്നും വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി 2017-18 വർഷത്തെ ബി.ഡി.എസ്. കോഴ്സിന് നിശ്ചയിച്ച താല്ക്കാലിക ഫീസ് ചുവടെ ചേർക്കുന്നു.<br>ബി.ഡി.എസ് (85% സീറ്റുകൾ) - 2.9 ലക്ഷം രൂപ<br>ബി.ഡി.എസ്(15%എൻ.ആർ.ഐ സീറ്റുകൾ) - 6 ലക്ഷം രൂപ വരെ<br>സമിതി ആദ്യം നിശ്ചയിച്ച തുകയിൽ നിന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻകാല കരാറുകൾ പരിശോധിച്ചും സ്വാശ്രയ കോളേജുകളുടെ ട്യൂഷൻ ഫീസിനത്തിലുള്ള വരുമാനം പരിശോധിച്ചുമാണ് സമിതി ഫീസ് നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിൽ സ്വാശ്രയ ബി.ഡി.എസ് കോഴ്സിന് നിശ്ചയിച്ചിരുന്ന ഫീസ് നിരക്ക് എത്രയായിരുന്നു; | (ബി) | (see table below) |

| | 2014-15 | 2015-16 | 2016-17 |
|---|---|---|---|
| സർക്കാർ മെറിറ്റ് | ₹1,60,000 | ₹1,75,000 | ₹2,10,000 |
| മാനേജ്മെന്റ് ക്വാട്ട | ₹4,50,000 | ₹4,75,000 | ₹5,00,000 |
| എൻ.ആർ.ഐ | ₹5,25,000 | ₹5,75,000 | ₹6,00,000 |

| | | | |
|---|---|---|---|
| (സി) | വൻതോതിലുള്ള ഫീസ് വർദ്ധനവ് മെരിറ്റിൽ അഡ്മിഷൻ തേടുന്ന സാധാരണക്കാരുടെ മക്കളുടെ പഠനം ദുഷ്കരമാക്കും എന്ന് സർക്കാരിന് അഭിപ്രായമുണ്ടോ ; എങ്കിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സർക്കാർ സ്കോളർഷിപ്പ് ഏർപ്പെടുത്തുമോ; | (സി) | പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയാണ് ഫീസ് നിർണ്ണയിച്ചത്. ഇതിൽ സർക്കാരിന് ഇടപെടാൻ കഴിയുന്നതല്ല. ഫീസ് നിർണ്ണയം അടക്കമുള്ള സമിതിയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് ഇടപെടാനാവില്ല. സ്കോളർഷിപ്പ് നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

(............2)

(ഡി) എം.ബി.ബിഎസ്, എൻ.ആർ.ഐ സീറ്റുകളിൽ ഫീസ് അഞ്ചു ലക്ഷം കൂട്ടിയതു വഴി ഓരോ കോളേജിനും അധികമായി ലഭിക്കുന്ന തുക ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പായി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ബി.ഡി.എസ്. ക്വാട്ടയിൽ ദരിദ്രർക്കും പിന്നോക്കക്കാർക്കും സീറ്റുകൾ ഈ വർഷം ഇല്ലാതായിട്ടും മേല്പറഞ്ഞ രീതിയിലുള്ള നിർദ്ദേശം ഉണ്ടാകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) & (ഇ) എം.ബി.ബി.എസ് എൻ.ആർ.ഐ സീറ്റിൽ ഈടാക്കുന്ന ഫീസിൽ നിന്നും 5 ലക്ഷം രൂപ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുന്നതിന് നീക്കി വയ്ക്കാനാണ് പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി തീരുമാനമെടുത്തിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ തീരുമാനമെടുക്കണമെന്ന് സമിതിയോട് നിർദ്ദേശിക്കുവാൻ നിയമപരമായി സർക്കാരിന് കഴിയുന്നതല്ല. 2017-18 വർഷത്തെ ബി.ഡി.എസ് അഡ്മിഷൻ പൂർത്തിയായിട്ടില്ല.

**സെക്ഷൻ ഓഫീസർ**